ആനിക്കാംപൊയിൽ–കള്ളാടി–മേപ്പാടി റോഡ്

366 [693] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനിക്കാംപൊയിൽ–കള്ളാടി–മേപ്പാടി റോഡിനു് ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ നടക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇൻവെസ്റ്റിഗേഷനു് വേണ്ട ഫണ്ടു് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര?

ഉത്തരം

(എ) ഉണ്ടു്. നൂറുരൂപ.

(ബി) ഉണ്ടു്.

(സി) വിശദമായ അന്വേഷണം നടത്തുന്നതിനു് 35,000 രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിനു് അനുമതി നൽകിയിട്ടുണ്ടു്.

കോഴിക്കോടു്–വയനാടു് ചുരംറോഡിനു് സമാന്തരമായി മറ്റൊരു റോഡ്

367 [695] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യത്തിനു് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോടു്–വയനാടു് ചുരം റോഡിനു് സമാന്തരമായി മറ്റൊരു റോഡ് നിർമ്മിക്കാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

ആനിക്കാംപൊയിൽ–കള്ളാടി റോഡ്, പെരുവണ്ണാമൂഴി–പൂഴിത്തട്ടു്–പടിഞ്ഞാറത്തറ എന്നീ റോഡുകളുടെ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു. ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ.

ചാലക്കുടി ബൈപാസ് റോഡ്

368 [697] ശ്രീ. കെ.ജെ. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 47 ലുള്ള ചാലക്കുടി ബൈപാസ് റോഡിനുള്ള റീ ടെണ്ടർ ഉറപ്പിച്ചുകൊടുത്തുവോ; ഇല്ലെങ്കിൽ കൊടുക്കാത്തത് എന്തുകൊണ്ടാണു്;

(ബി) റീ ടെണ്ടർ എന്നത്തേക്ക് ഉറപ്പിച്ചു കൊടുക്കുവാൻ സാധിക്കുമെന്നു് വിശദമാക്കുമോ;

(സി) ഉടനടി ഈ പണി നടക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly